(ബി) ബാധകമല്ല.

(സി) ഇല്ല.

(ഡി) കോർബാങ്കിംഗ് നടപ്പിലാക്കുവാനാവശ്യമായ സോഫ്റ്റ്വെയർ നിർമ്മാണം പൂർത്തിയായിക്കഴിഞ്ഞു. തിരുവനന്തപുരം ജില്ലാ ട്രഷറിയും സെക്രട്ടേറിയേറ്റ് സബ് ട്രഷറിയും തമ്മിൽ ബന്ധപ്പെടുത്തി പൈലറ്റ് ടെസ്റ്റിംഗ് ആരംഭിച്ചുകഴിഞ്ഞു. ട്രഷറി നെറ്റ്വർക്ക് നടപ്പിലാകുന്ന മുറയ്ക്ക് കോർബാങ്കിംഗ് ഏർപ്പെടുത്തുന്നതാണ്.

പിണറായിയിൽ പുതിയ സബ് ട്രഷറി

141 (7977) ശ്രീ. കെ. കെ. നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ധർമ്മടം നിയോജക മണ്ഡലത്തിലെ പിണറായിയിൽ ഒരു സബ് ട്രഷറി സ്ഥാപിക്കുന്നതിന് വേണ്ടിയുള്ള പ്രൊപ്പോസൽ നിലവിലുണ്ടോ ;

(ബി) ഇതുമായി ബന്ധപ്പെട്ട് വല്ല നിവേദനവും ലഭിച്ചിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ എന്ത് നടപടി സ്വീകരിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) നിലവിലില്ല.

(ബി) ഇല്ല.

(സി) ബാധകമല്ല.

കാരുണ്യ ബെനവലന്റ് ഫണ്ടിൽനിന്നും ധനസഹായം

142 (7978) പ്രൊഫ. സി. രവീന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വകാര്യ ആശുപത്രികളിൽ ചികിത്സ തേടുന്ന പാവപ്പെട്ട ആളുകൾക്ക് കാരുണ്യ ബെനവലന്റ് ഫണ്ടിൽ നിന്നും ചികിത്സാ ധനസഹായം അനുവദിക്കുന്നുണ്ടോ എന്ന് വിശദമാക്കുമോ ;

(ബി) കേരളത്തിൽ ഏതൊക്കെ സ്വകാര്യ ആശുപത്രികളിൽ ചികിത്സിക്കുന്നവർക്കാണ് പ്രസ്തുത ധനസഹായം ലഭിക്കുന്നത്, ജില്ല തിരിച്ച് സ്വകാര്യ ആശുപത്രികളുടെ പേരും, ഏതൊക്കെ രോഗത്തിനാണെന്നും വിശദമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ&ബി) വിദഗ്ധ ചികിത്സാ സൗകര്യങ്ങളുള്ളതും നിശ്ചിത പാക്കേജും നിരക്കുകളും അംഗീകരിച്ച് ചികിത്സ നടത്താൻ തയ്യാറായി കരാർ ഒപ്പ് വച്ചിട്ടുള്ളതുമായ 68 സർക്കാരിതര ആശുപത്രികളിൽ ചികിത്സ തേടുന്നവർക്കും കാരുണ്യ ബെനവലന്റ് ഫണ്ടിൽനിന്ന് ചികിത്സാ സഹായം ലഭ്യമാണ്. ജില്ല തിരിച്ചുള്ള സ്വകാര്യ ആശുപത്രികളുടെ പേരും രോഗങ്ങളുടെ വിവരങ്ങളും ഉൾക്കൊള്ളുന്ന ലിസ്റ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്. *

കാരുണ്യ പദ്ധതി പ്രകാരമുള്ള വിദഗ്ധ ചികിത്സ

143 (7979) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാരുണ്യ പദ്ധതി പ്രകാരം വിദഗ്ദ്ധ ചികിത്സ ലഭിക്കുന്നതിന് നിശ്ചയിക്കപ്പെട്ടിട്ടുള്ള എറണാകുളം ജില്ലയിലെ അക്രഡിറ്റഡ് ആശുപത്രികൾ ഏതൊക്കെയെന്ന് വ്യക്തമാക്കാമോ ;

(ബി) ഏഷ്യയിലെ തന്നെ ജനസാന്ദ്രതയേറിയ പ്രദേശമായ വൈപ്പിൻ ഉൾപ്പെടുന്നതിനാലും വ്യാവസായിക തലസ്ഥാനം എന്ന പ്രത്യേകത കണക്കിലെടുത്തും എറണാകുളം ജില്ലയിലെ കൂടുതൽ ആശുപത്രികൾക്ക് അക്രഡിറ്റേഷൻ നൽകുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിന് തയ്യാറാകുമോ എന്ന് വ്യക്തമാക്കാ മോ ?

ഉത്തരം

(എ) എറണാകുളം ജില്ലയിലെ 6 സ്വകാര്യ അക്രെഡിറ്റഡ് ആശുപത്രികളുടെ ലിസ്റ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(ബി) എറണാകുളം ജില്ലയിൽ 6 സ്വകാര്യ ആശുപത്രികളെ ഇതിനകംതന്നെ കാരുണ്യ ബെനവലന്റ് ഫണ്ട് പദ്ധതിയിൽ അക്രെഡിറ്റ് ചെയ്തിട്ടുണ്ട്. പദ്ധതി പാക്കേജുകളും നിരക്കുകളും അംഗീകരിച്ച് ഗുണഭോക്താക്കൾക്ക് ചികിത്സ നൽകാൻ തയ്യാറായി വരുന്ന വിദഗ്ദ്ധ ചികിത്സാ സൗകര്യങ്ങളുള്ള കൂടുതൽ സർക്കാരിതര സ്വകാര്യ ആശുപത്രികളെയും വ്യവസ്ഥയനുസരിച്ച് പദ്ധതിയിലേക്ക് അക്രെഡിറ്റ് ചെയ്യുന്നതാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്